## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം - കൊല്ലം ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ ക്ലാർക്കായി ജോലി ചെയ്യുന്ന ശ്രീ പ്രേംജിത് പ്രകാശിന് കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.**2974/2016/**തസ്വഭവ തീയതി, തിരുവനന്തപുരം,31/10/2016.

---

പരാമർശം :
1. 06.02.2013 ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.
2. ശ്രീ പ്രേംജിത് പ്രകാശിന്റെ 03.08.2015 ലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 02.02.2016 ലെ ഇ 6- 29861/15 നമ്പർ കത്ത്.
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 20.08.2015- ലെ 8120/ഇ 1/15 നമ്പർ കത്ത്.
5. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 01.08.2015 ലെ 333/2015-16/2008/ഇ 1/2015 നമ്പർ നടപടിക്രമം

## ഉത്തരവ്

കൊല്ലം ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ 04.03.2015 മുതൽ ജോലി ചെയ്യുന്ന ശ്രീ. പ്രേംജിത് പ്രകാശ് കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക 3(viii) ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ടി ഉദ്യോഗസ്ഥന്റെ സേവനം ക്രമവല്കരിച്ചതിന് ശേഷം മാത്രമേ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ . ശ്രീ പ്രേംജിത് പ്രകാശിന്റെ ക്ലാർക്ക് തസ്തികയിലെ സേവനം ക്രമവൽക്കരിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ഓഫീസിൽ അടുത്ത 5 വർഷത്തേക്ക് ക്ലാർക്ക് തസ്തികയിൽ ഒഴിവ് വരാനിടയില്ലെന്നും അന്തർവകുപ്പ് സ്ഥലം മാറ്റം നല്കുന്ന പക്ഷം ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും പരാമർശം (4) പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടറും ടിയാളുടെ നിയമനം ക്രമവൽക്കരിക്കുന്ന മുറയ്ക്ക് അത്തരം അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരാമർശം (5) പ്രകാരം ടിയാളുടെ നിയമനം ക്രമവൽക്കരിച്ചിട്ടുണ്ട്.

(മറുപുറം...)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ 04.03.2015 മുതൽ ജോലി ചെയ്യുന്ന ശ്രീ പ്രേംജിത് പ്രകാശിന് കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

ശ്രീ പ്രേംജിത് പ്രകാശ് പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ.എം.കെ**

ഗവ.ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.

ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്( ഫയൽ നം. EPA1/42/2016/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ